**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 484** **01.07.2019-ൽ മറുപടിക്ക്**

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ
,, എസ്.ശർമ്മ
,, വി. ജോയി
ശ്രീമതി വീണാ ജോർജ്ജ്:

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളൊരുക്കി പ്രസ്തുത കേന്ദ്രങ്ങളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനും ജില്ലാ വിനോദസഞ്ചാര വികസനസമിതികളും മാനേജ്മെന്റ് സമിതികളും നടത്തുന്ന പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് പരിപാടിയുണ്ടോ; | (എ) | വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ വിനോദ സഞ്ചാര സമിതികളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികളും കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നുണ്ട്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ(ഡി. ടി. പി. സി.) സെക്രട്ടറിമാരായി ടൂറിസം രംഗത്തു പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിലുകളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് സ്ഥാപനത്തിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്. ചില സെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് സഞ്ചാരികൾക്ക് ആവശ്യമായ വാഹനം വാങ്ങി ടൂർ ഓപ്പറേഷൻ ഉൾപ്പെടെ നടത്തി വരുന്നുണ്ട്. എങ്കിലും ടൂറിസം രംഗത്തെ പുതിയ വെല്ലുവിളികൾ നേരിടുന്നതിനും കുറെക്കൂടി മെച്ചപ്പെട്ട സേവനം വിനോദ സഞ്ചാരികൾക്കു നൽകുന്നതിനും ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിലുകളെയും (ഡി. ടി. പി. സി.) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികളെയും (ഡി. എം. സി.) സജ്ജമാക്കുന്നതിനുമായി വിശദ റിപ്പോർട്ട് തയാറാക്കി സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പങ്കാളിത്ത മാതൃകയിലൂടെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | ബി) | സംസ്ഥാനത്തു വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി രൂപീകൃതമായ പൊതുമേഖല സ്ഥാപനമാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്(കെ. ടി. ഐ. എൽ.). സ്വകാര്യ മേഖലയുടെയും സർക്കാരിന്റെയും പങ്കാളിത്തത്തോടെയുള്ള വികസന മാതൃകകളാണ് കെ. ടി. ഐ. എൽ. നടപ്പാക്കുന്നത്.<br>ഇതിനു പുറമെ ടൂറിസം സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്താത്ത മേഖലകൾ, പുതുതായി വികസിച്ചു വരുന്ന പ്രദേശങ്ങൾ മുതലായവ കണ്ടെത്തി സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള പദ്ധതികളും കെ. ടി. ഐ. എൽ. ഏറ്റെടുക്കുന്നുണ്ട്. |
| സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉന്നതനിലവാരമുള്ള താമസസൗകര്യം ഒരുക്കി വിനോദസഞ്ചാരത്തിന് പ്രോത്സാഹനം നൽകുന്നതോടൊപ്പം പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിൽ കൂടി ഫലപ്രദമായി ഇടപെടാൻ കെ.റ്റി.ഡി.സി.യെ പ്രാപ്തമാക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | സി) | നിലവിൽ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യം ഒരുക്കുക എന്ന ചുമതലയാണ് കെ. ടി. ഡി. സി. നിർവഹിക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിലെല്ലാം കെ. ടി. ഡി. സി. സ്വന്തമായി ഹോട്ടലുകൾ നടത്തി വരുന്നുണ്ട്. കേരളത്തിലെ പല ടൂറിസം കേന്ദ്രങ്ങളിലും ആദ്യം ഹോട്ടലുകൾ ആരംഭിച്ചത് കെ. ടി. ഡി. സിയാണ്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന, ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഹോട്ടൽ ഗ്രൂപ്പ് ആണ് ഇന്ന് കെ. ടി. ഡി. സി. എന്നാൽ ഒരു ടൂറിസം ഡെസ്റ്റിനേഷനിൽ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതു ടൂറിസം വകുപ്പാണ്. വിവിധ ഡിസ്ട്രിക്ട് പ്രമോഷൻ കൗൺസിലുകളും ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപറേഷൻ (ബി. ആർ. ഡി. സി.), കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്(കെ. ടി. ഐ. എൽ.) ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചാണു ടൂറിസം വകുപ്പ് ഡെസ്റ്റിനേഷന്റെ വികസനം നടപ്പാക്കുന്നത്. ടൂറിസ്റ്റുകൾക്കു മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിലൂടെ കെ. ടി. ഡി. സി. ഹോട്ടലുകൾ പ്രവർത്തിക്കുന്ന ഡെസ്റ്റിനേഷനുകളുടെ വികസനത്തിൽ കെ. ടി. ഡി. സി. അതിന്റേതായ പങ്ക് വഹിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നിലവിലുള്ള രീതിയിൽ തന്നെ തുടരാനാണു സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ